"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്-കേശവദാസപുരം മുതൽ ചൈതന്യ ഹോസ്പിറ്റൽ റോഡ് വരെയുള്ള ദേശീയപാതയുടെ വികസനം - ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ. കേസ് നമ്പർ 56/2014 ലെ ഉത്തരവ് പ്രകാരം നൽകാൻ ബാക്കിയുള്ള നഷ്ടപരിഹാരത്തുക ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.488/2024/PWD തീയതി,തിരുവനന്തപുരം, 02-05-2024

---

പരാമർശം:-

1. സഉ(സാധാ)നം.437/2009/പൊമവ തീയതി 23.03.2009
2. സഉ(അച്ചടി)നം.32/2019/ധന തീയതി 18.03.2019
3. സഉ(സാധാ)നം.808/2022/പൊമവ തീയതി 01.08.2022
4. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ 12.04.2024 തീയതിയിലെ CEPWD/7448/2024-C3(F)NH നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയപാതയിൽ കേശവദാസപുരം -ചൈതന്യ ആശുപത്രി വരെ വീതി കൂട്ടുന്ന പ്രവൃത്തിക്ക് പരാമർശം 1 ലെ ഉത്തരവ് പ്രകാരം 201.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു.തിരുവനന്തപുരം സബ്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട 52/14,53/14, 54/14, 55/14, 56/14, 57/14, 67/14, 55/15 എന്നീ എൽ.എ.ആർ. കേസുകളിൽ കോടതി ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 201.15 ലക്ഷം രൂപയും 8 എൽ.എ.ആർ. കേസുകൾക്ക് ആവശ്യമായ 3,84,97,567/- രൂപയും ചേർത്ത് 5,86,12,567/- രൂപയുടെ പുതുക്കിയ ഭരണാനുമതി പരാമർശം 3 ലെ ഉത്തരവ് പ്രകാരം നൽകിയിരുന്നു. ബഹു.തിരുവനന്തപുരം സബ്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട എൽ.എ.ആർ. കേസ് നമ്പർ 56/2014 ലെ കോടതി ഉത്തരവ് പ്രകാരം നൽകാൻ ബാക്കിയുള്ള 19,19,548/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ കേശവദാസപുരം -ചൈതന്യ ആശുപത്രി വരെ വീതികൂട്ടുന്ന പ്രവൃത്തിക്ക് പരാമർശം 3 ലെ ഉത്തരവ് പ്രകാരം അനുവദിച്ച തുകയും, എൽ.എ.ആർ. കേസ് നമ്പർ 56/2014 ലെ കോടതി ഉത്തരവ് പ്രകാരം നൽകാൻ ബാക്കിയുള്ള 19,19,548/- രൂപയും ചേർത്ത് 6,05,32,115/- രൂപ (ആറ് കോടി അഞ്ച് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി ഒരുനൂറ്റി പതിനഞ്ച് രൂപ മാത്രം) യുടെ പുതുക്കിയ ഭരണാനുമതി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ) പൊതുമരാമത്ത് വകുപ്പ്, കൊല്ലം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 03-05-2024 14:47:01

സെക്ഷൻ ഓഫീസർ